# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2200 10.10.2011 ൽ മറുപടിക്ക്

## വിദ്യാർത്ഥികളുടെ യാത്രാ കൺസഷൻ നിരക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ. എസ്. ആർ. ടി. സി. ബസുകളിൽ വിദ്യാർത്ഥികൾക്കുള്ള യാത്രാ കൺസഷൻ നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ; | എ) 06.08.2011 ലെ ജി.ഒ.(പി)45/2011/ട്രാൻ. നം. ഉത്തരവ് പ്രകാരം 25 പൈസയും അതിനു താഴെയുള്ള നാണയങ്ങളും ഇല്ലാതായതിനാൽ 50 പൈസയുടെ ഗുണിതങ്ങളാക്കി വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റ് നിരക്ക് ക്രമീകരിച്ചിട്ടുണ്ട്. അങ്ങനെ ക്രമീകരിച്ചതു മൂലം ആദ്യത്തെ സ്റ്റേജ് ഒഴികെയുള്ള സ്റ്റേജുകളിൽ കൺസഷൻ ടിക്കറ്റ് നിരക്കിൽ നാമമാത്രമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) 28.09.2001 ലെ ജി.ഒ.(പി)24/2001/ട്രാൻ. നം. ഉത്തരവ് പ്രകാരം പുതുക്കിയ ടിക്കറ്റ് നിരക്കിന്റെ 25% മായി കൺസഷൻ ടിക്കറ്റ് നിരക്ക് നിലനിർത്തിയിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി. ആദ്യത്തെ സ്റ്റേജിൽ യഥാർത്ഥ നിരക്കിന്റെ 10% മാത്രമേ കൺസഷൻ ടിക്കറ്റ് ഇനത്തിൽ ഈടാക്കുന്നുള്ളു. തുടർന്നുള്ള സ്റ്റേജുകളിൽ ടിക്കറ്റ് നിരക്കിന്റെ പരമാവധി 20% മാത്രമേ കൺസഷൻ ടിക്കറ്റ് നിരക്കായി കെ.എസ്.ആർ.ടി.സി. ഈടാക്കുന്നുള്ളു. |
| സി) ഇതിന് മുമ്പ് എന്നാണ് കൺസഷൻ നിരക്കിൽ വർദ്ധനവ് വരുത്തിയതെന്ന് വ്യക്തമാക്കാമോ ; | സി) 28.09.2001 ലെ ജി.ഒ.(പി)24/2001/ട്രാൻ. നം. ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ കൺസഷൻ ടിക്കറ്റ് നിരക്ക് 01.10.2001 മുതൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത വർദ്ധനവിലൂടെ കെ. എസ്. ആർ. ടി. സി ക്ക് എത്ര രൂപയുടെ അധിക വരുമാനമാണ് ഓരോ മാസവും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ ; | ഡി) പരിശോധിച്ചിട്ടില്ല. |
| (ഇ) കെ.എസ്.ആർ.ടി.സി. ക്ക് സർക്കാർ ധനസഹായം കാലാകാലങ്ങളിൽ ലഭ്യമാക്കുന്നത് പരിഗണിച്ച് കൺസഷൻ നിരക്ക് വർദ്ധനവ് പിൻവലിക്കുമോ ? | ഇ) വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് നൽകുന്ന ഇനത്തിൽ പ്രതിവർഷം 53.94 കോടി രൂപ കെ.എസ്.ആർ.ടി.സി ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. 25 പൈസയും അതിനു താഴെയുള്ള നാണയങ്ങളും പിൻവലിച്ചതു മൂലമുണ്ടായ ക്രമീകരണമായതിനാൽ ഇപ്പോൾ നടപ്പിലാക്കിയ വർദ്ധനവ് പിൻവലിക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ